**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1633

19.01.2021 ൽ മറുപടിക്ക്

## കുടുംബശ്രീ പദ്ധതികൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

ശ്രീ. ഇ കെ വിജയൻ

ശ്രീ . ജി .എസ് .ജയലാൽ

ശ്രീ. എൽദോ എബ്രഹാം

**മറുപടി**

എ. സി. മൊയ്തീൻ

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീയുടെ പ്രവർത്തനം മൂലം സാമൂഹ്യ സാമ്പത്തിക സ്ത്രീ ശാക്തീകരണ മേഖലകളിൽ ഉളവായ ഫലങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 2020-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ 16,865 കുടുംബശ്രീ അംഗങ്ങൾ മത്സരിക്കുകയും 7,058 പേർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇത് സാമൂഹിക ശാക്തീകരണത്തിന് ഏറ്റവും വലിയ ഉദാഹരണമാണ്. കഴിഞ്ഞ 5 വർഷക്കാലയളവിൽ 27458 സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിക്കാനും, സാധാരണ കുടുംബശ്രീ അംഗങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുവാനും സാധിച്ചു. 14 ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷക്കുവേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത കൗൺസിലിംഗ് സെന്റർ ആരംഭിക്കാൻ സാധിക്കുകയും ഇതിനുവേണ്ടി സ്ത്രീകളായ പ്രൊഫഷണലുകളെ ശാക്തീകരിക്കാനും സാധിച്ചു. കൂടാതെ കുടുംബശ്രീ അംഗങ്ങളായ വിദ്യാസമ്പന്നരെ പരിശീലിപ്പിച്ച് കമ്മ്യൂണിറ്റി കൗൺസിലർമാരായി വിന്യസിക്കുകയും ചെയ്തു. ആദിവാസി മേഖലയിൽ സാമൂഹിക ഇടപെടലിനുവേണ്ടി 461 ആനിമേറ്റർമാരെ കുടുംബശ്രീ മുഖേന നിയമിക്കാനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിച്ചു. തീരദേശമേഖലയിൽ 82 തീരദേശ വോളണ്ടിയർമാരെ നിയമിക്കുകവഴി തീരദേശ മേഖലയിലെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും, കുടുംബശ്രീ പ്രവർത്തനങ്ങൾ തീരദേശ മേഖലയിൽ ശക്തിപ്പെടുത്താനും സാധിച്ചു. |

<table>
<tr>
<td>(ബി)</td>
<td>കുടുംബശ്രീയുടെ പ്രധാന പദ്ധതികളായ കുടുബശ്രീ മൈക്രോ ഫിനാൻസ്, ലിങ്കേജ് ബാങ്കിംഗ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;</td>
<td>(ബി)</td>
<td>കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ഒരു പ്രധാന പ്രവർത്തനമാണ് മൈക്രോ ഫൈനാൻസ്. അയൽക്കൂട്ടങ്ങൾ ഓരോ ആഴ്ചയിലും യോഗം കൂടുമ്പോൾ ഒരു നിശ്ചിത തുക സമ്പാദ്യമായി മാറ്റി വയ്ക്കുന്നു. ഇത്തരത്തിൽ 287723 അയൽക്കൂട്ടങ്ങൾക്കായി ആകെ സമ്പാദ്യം 5061.83 കോടി രൂപയാണ്. അയൽക്കൂട്ട അംഗങ്ങൾക്ക് അവരുടെ സമ്പാദ്യത്തിൽ നിന്നും അവർ തീരുമാനിക്കുന്ന പലിശനിരക്കിൽ ആന്തരിക വായ്പ നൽകുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ആകെ ആന്തരിക വായ്പ 20341.32 കോടി രൂപയാണ്. അയൽക്കൂട്ടങ്ങൾ വിവിധ ബാങ്കുകളിൽ നിന്നായി ലിങ്കേജ് വായ്പ എടുക്കുന്നുണ്ട്. ആകെ ലിങ്കേജ് വായ്പ 19460 കോടി രൂപയാണ്.
<table>
<tr><th>പദ്ധതി</th><th>തുക (കോടിയിൽ)</th></tr>
<tr><td>ബാങ്ക് ലിങ്കേജ് വായ്പ</td><td>12623.86</td></tr>
<tr><td>പലിശ സബ്സിഡി</td><td>186.37</td></tr>
<tr><td>മാച്ചിംഗ് ഗ്രാന്റ്</td><td>21.58</td></tr>
<tr><td>റിവോൾവിംഗ് ഫണ്ട്</td><td>27.76</td></tr>
<tr><td>വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്</td><td>5.19</td></tr>
</table>
മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി<br>
കൊവിഡ് 19 എന്ന മഹാമാരിയെ തുടർന്ന് ലോക്ക് ഡൗൺ മൂലം ഉണ്ടാകാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്തു സാധാരണക്കാർക്ക് അടിയന്തിര വായ്പ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി. 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലായി 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി.<br>
റിസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്)<br>
2018-ൽ കേരളം നേരിട്ട മഹാപ്രളയത്തിൽ ദുരിതം നേരിട്ട അയൽക്കൂട്ടാംഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതിയാണ് ആർ.കെ.എൽ.എസ്. ആകെ 28,212 അയൽക്കൂട്ടങ്ങൾ വഴി 1.95 ലക്ഷം</td>
</tr>
</table>

| | | | |
|---|---|---|---|
| | | | പേർക്ക് 1680 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. 261 കോടി രൂപ പലിശ സബ്സിഡി ലഭ്യമാക്കി. |
| (സി) | വയോജന പരിപാലനത്തിന് കുടുബശ്രീയുടെ ഹർഷം ജെറിയാട്രിക്ക് കെയർ പദ്ധതി നടക്കുന്നുണ്ടോ; കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | ഉണ്ട്. ഹർഷം പദ്ധതിയനുസരിച്ച് ജില്ലയൊട്ടാകെ വിദഗ്ധ പരിശീലനം ലഭിച്ച 646 കുടുംബശ്രീ അംഗങ്ങൾ ഫീൽഡ് തലത്തിൽ പ്രവർത്തിച്ചുവരുന്നു. വയോജന പരിചരണം, അവർക്ക് വേണമെന്നുള്ള മറ്റ് സേവനങ്ങൾ അതായത് ബിൽ പേയ്മെന്റ്, വീട്ടു സാധനങ്ങൾ വാങ്ങൽ, അവരോടൊപ്പം ഹോസ്പിറ്റലിലോ, മറ്റു സ്ഥലങ്ങളിലോ കൂട്ടുപോകൽ, തുടങ്ങിയവയ്ക്കായി ഒരു ഫീസ് ഈടാക്കി ഇത്തരം കെയർ ഗിവേഴ്സിന്റെ സേവനം അവർക്ക് ലഭ്യമാക്കി വരുന്നു. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന ഹരിത കർമ്മസേന പദ്ധതി മാലിന്യ നിർമ്മാർജ്ജനയത്നത്തിൽ ഫലപ്രദമാകുന്നുണ്ടോ ; വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. 882 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 23,283 ഹരിതകർമ്മ സേന അംഗങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി അംഗങ്ങൾക്കു വേണ്ടിയുള്ള പരിശീലനം ശുചിത്വ മിഷന്റെ സഹായത്തോടെ കുടുംബശ്രീ മിഷൻ തൃപ്തികരമായി നൽകി വരുന്നു. തദ്ദേശ സ്വയംഭരണ തലത്തിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തന മേൽനോട്ടം വഹിക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ഇ) | ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്കായും അനന്തര ശുശ്രൂഷക്കുമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 'സാന്ത്വനം' പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ആരോഗ്യ മേഖലയിലെ സ്വയംതൊഴിൽ സംരംഭമാണ് 'സാന്ത്വനം'. ഈ പദ്ധതിയുടെ ഭാഗമായി ജീവിത ശൈലി രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം എന്നിവയും ബി.എം.ഐ., ഹീമോ ഗ്ലോബിൻ എന്നിവയുടെ അളവും വീടുകളിൽ തന്നെ പരിശീലനം നേടിയ സാന്ത്വനം വോളന്റിയർമാർ മുഖേന നിർണ്ണയിച്ചു ലഭ്യമാക്കുന്നു. ഇതിലൂടെ ക്ലിനിക്കൽ ലാബുകളിൽ പോയി രോഗനിർണ്ണയം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നു എന്നത് മാത്രമല്ല, കിടപ്പുരോഗികൾ, വയോജനങ്ങൾ എന്നിവർക്ക് ഈ പദ്ധതി ഒരു അനുഗ്രഹമാണ്. ഇപ്രകാരം സാന്ത്വനം പദ്ധതിയിലേർപ്പെട്ടിരിക്കുന്ന സാന്ത്വനം വോളന്റിയമാർക്ക് ഇതിലൂടെ |

| | | | |
|---|---|---|---|
| | | | ഉപജീവനോപാധിയും ലഭിക്കുന്നതാണ്. കുടുംബശ്രീയും ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ എന്ന സംഘടനയും സംയുക്തമായാണ് ഈ പദ്ധതിയ്ക്കായുള്ള പരിശീലനം നൽകുന്നത്. സാന്ത്വനം വോളണ്ടിയർമാർ യഥാസമയം വീട്ടുകളിൽ എത്തിച്ചേർന്ന് പരിശോധനകൾ നടത്തുന്നതിനാൽ രോഗ നിർണ്ണയം കൂടുതൽ അനായാസകരമാകുന്നു. ഇതിലൂടെ ജീവിത ശൈലി രോഗങ്ങളെ ഒരു പരിധിവരെ മുൻകൂട്ടി കണ്ടെത്താനും തടയാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ